# CAREER Updates
# പത്രവൃത്താന്തം

26.07.2024 (വെള്ളി)



⇨ 2024 ജൂലൈയിൽ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വത്തിന് അർഹരായവർ

✔ സി.എൽ. ജോസ് (നാടകാചാര്യൻ), എം.ആർ. രാഘവവാര്യർ (ചരിത്രകാരൻ)

● സമഗ്ര സംഭാവനയ്ക്കുള്ള 2023-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയത് കെ.വി. കുമാരൻ, പ്രേമാ ജയകുമാർ, പി.കെ. ഗോപി, ബക്കളം ദാമോദരൻ, എം. രാഘവൻ, രാജൻ തിരുവോത്ത് എന്നിവരാണ്.

● മികച്ച കവിതയ്ക്കുള്ള 2023-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം കൽപ്പറ്റ നാരായണന്റെ 'തിരഞ്ഞെടുത്ത കവിതകൾ' എന്ന കൃതിയ്ക്ക് ലഭിച്ചു. 'സിൻ' എന്ന കൃതിയിലൂടെ മികച്ച നോവലിനുള്ള പുരസ്കാരം സ്വന്തമാക്കിയത് ഹരിത സാവിത്രി ആണ്.

● 'ഉദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്' എന്ന കൃതിയിലൂടെ മികച്ച ചെറുകഥയ്ക്കുള്ള പുരസ്കാരം സ്വന്തമാക്കിയത് എൻ. രാജൻ ആണ്. 'ഇ ഫോർ ഈഡിപ്പസ്' എന്ന കൃതിയിലൂടെ മികച്ച നാടകത്തിനുള്ള പുരസ്കാരം ഗിരീഷ് പി.സി. പാലവും 'പെൺകുട്ടിയും കൂട്ടരും' എന്ന കൃതിയിലൂടെ മികച്ച ബാലസാഹിത്യത്തിനുള്ള പുരസ്കാരം ഗ്രേസിയും സ്വന്തമാക്കി.

⇨ 2024 ജൂലൈയിൽ രാഷ്ട്രപതി ഭവനിലെ ദർബാർ ഹാളിന് നൽകപ്പെട്ട പുതിയ പേര്

✔ ഗണതന്ത്ര മന്ത്രാലയം

● രാഷ്ട്രപതി ഭവനിലെ അശോക ഹാളിന് നൽകപ്പെട്ട പുതിയ പേര് അശോക് മണ്ഡപം എന്നാണ്.

⇨ ഗോവയിൽ നടക്കുന്ന ഇന്ത്യൻ-ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിന്റെ 55, 56 എഡിഷനുകളുടെ ഡയറക്ടറായി നിയമിക്കപ്പെട്ട പ്രശസ്ത ഇന്ത്യൻ സംവിധായകൻ

✔ ശേഖർ കപൂർ

⇨ 1999-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ ഇന്ത്യ കാർഗിൽ പിടിച്ചെടുത്തതിന്റെ സ്മരണയ്ക്കായി കാർഗിൽ വിജയദിവസ് ആയി ആചരിക്കപ്പെടുന്നത്

✔ ജൂലൈ 26

CAREER GUIDANCE BUREAU

⇨ ഫിക്കിയുടെ 2023-ലെ വിവർത്തന പുരസ്കാരത്തിന് അർഹമായ, കെ.ആർ. മീരയുടെ 'ഘാതകൻ' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ

✔ അസാസിൻ

● ജെ. ദേവികയാണ് കെ.ആർ. മീരയുടെ 'ഘാതകൻ' എന്ന നോവൽ 'അസാസിൻ' എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്.

⇨ മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കേരളത്തിലെ ആദ്യത്തെ സൂ സഫാരി പാർക്ക് സ്ഥാപിതമാകുന്നത് എവിടെ?

✔ തളിപ്പറമ്പ് (കണ്ണൂർ)

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999